HONORARY VISITORS TO HOSPITALS

671. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു വേണ്ടി മറുപടി പറയുമോ.—

(എ) അലോപ്പതി ആയുർവേദ സന്ദർശകന്മാരായി ഗവൺമെണ്ടു നോമിനേറ്റു ചെയ്തിട്ടുള്ളവരുടെ ജോലിയോ അധികാരമോ സംബന്ധിച്ചു് എന്തെങ്കിലും ചട്ടങ്ങളുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ എന്താകുന്നു;

(സി) ഇല്ലെങ്കിൽ അവർ വഹിക്കേണ്ട ജോലികളും എന്തെന്നും അക്കാര്യത്തിൽ അവർക്കുള്ള അധികാരങ്ങളും എന്തെന്നും വിശദമാക്കുമോ;

(ഡി) ആയുർവേദ സന്ദർശകന്മാരുടെയും ഡിസ്പെൻസറി സന്ദർശകന്മാരുടേയും ജോലിയും അധികാരവും വ്യത്യസ്തമാണോ;

(ഇ) സംസ്ഥാനത്തെ എല്ലാ ആയുർവേദികൾക്കും ഡിസ്പെൻസറികൾക്കുമാണോ ഈ പ്രാവശ്യം സന്ദർശകന്മാരെ നിയമിച്ചിട്ടുള്ളതു്;

(എഫ്) സന്ദർശകന്മാരായി നിയമിക്കേണ്ടവരുടെ പേരുകൾ ഗവൺമെണ്ടിലേക്കു ശുപാർശ ചെയ്യുന്നതാരാണു്;

(ജി) എ.എ.എ, എ.എ.വി, എ.എ.എൻ, എ.എ.ഒ ഈ കൊല്ലങ്ങളിൽ ആയുർവേദി സന്ദർശകന്മാരായിരുന്നവരിൽ ആരെങ്കിലും ആയുർവേദി സന്ദർശിക്കാതിരുന്നിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അതൊക്കെയാണവർ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഉവ്വു്.

(ബി) മേശപ്പുറത്തു വെച്ചിരിക്കുന്നു.

(സി) ഉത്തരമാവശ്യമില്ല.

(ഡി) അല്ല.

(ഇ) ഒരു പക്ഷപ്പു മേശപ്പുറത്തു വെച്ചിരിക്കുന്നു.

(എഫ്) ചീഫ് മെഡിക്കൽ സൂപ്രിന്റെണ്ടർ.

(ജി) ഉവ്വു്.

(എച്ച്) ഒരു പട്ടികയുടെ പകർപ്പു മേശപ്പുറത്തു വെച്ചിരിക്കുന്നു.

LIBRARIES AND READING ROOMS

672. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവൺമെണ്ടു വേണ്ടി മറുപടി നൽകുമോ.—

(എ) ഗവൺമെണ്ടു വകയും ഗവൺമെണ്ടു ഗ്രാന്റു് നൽകുന്നവയുമായി എത്ര ലൈബ്രറിയും എത്ര റീഡിംഗ്റൂമും ഉണ്ടു്;

(ബി) ഇവ ഓരോന്നിലും എത്ര പുസ്തകം വീതം ഉണ്ടു്;

(സി) ഇവ ഓരോന്നിലും എ.എ.എൻ, എ.എ.ഒ ഈ കൊല്ലങ്ങളിൽ എത്രപേർ വീതം വായിച്ചിട്ടുണ്ടു്;

(ഡി) ഇവക്കു പത്രങ്ങളും മാസികകളും ഗവൺമെണ്ടിൽനിന്നു കൊടുക്കുന്നുണ്ടോ;

(ഇ) ഗവൺമെണ്ടിൽനിന്നു നൽകുന്ന ഗ്രാന്റു് എത്ര ഉറപ്പിക വീതമാണു്;

(എഫ്) ഗ്രാന്റു് കൂടുതൽ കൊടുക്കുന്നതിനു വല്ല ആലോചനയുമുണ്ടോ?

മിസ്റ്റർ സി. ജെ. മാത്യു:

(എ) ഒരു വ്യ.

(ബി) & (സി) മേശപ്പുറത്തു വെച്ചിരിക്കുന്ന ലിസ്റ്റു് നോക്കുക.

(ഡി) ചില ലൈബ്രറികൾക്കു കൊടുക്കുന്നുണ്ടു്. "കൊച്ചിൻ സ്റ്റുഡന്റ്" എന്ന മാസിക എല്ലാ വിദ്യാർത്ഥി ലൈബ്രറികൾക്കും കൊടുക്കുന്നുണ്ടു്.

(ഇ) വിദ്യാർത്ഥി ലൈബ്രറികൾക്കു ഒരേ. വീതവും ബാക്കിയുള്ളവയ്ക്കു താഴെ കാണുന്നപ്രകാരവും.

		ക.
(എ)	പി. എൽ. & ആർ. ആർ., എറണാകുളം	വ്യ ൦ ൦
(ബി)	എം. ഐ. വൈ. എം. എ. എൽ. & ആർ. ആർ., എറണാകുളം	൪ ൦
(സി)	വി. ജെ. ആർ. ആർ. & ലൈബ്രറി, ഇരിഞ്ഞാലക്കുട	൨ ൦ ൦

LIBRARY ARCHIVES Kerala Legislative Assembly

		കെ.
(ഗ)	പി. എൽ. & ആർ. ആർ. ഉദ്യോഗപേരുകൾ	൫ ൦ ൦
(ഘ)	കേരളപ്രൊവിൻഷ്യൽ ഹിന്ദിപ്രചാരസഭാ, ഉദ്യോഗപേരുകൾ	൧ ൦ ൦
(ങ)	രാധാകൃഷ്ണ ലൈബ്രറി & റീഡിങ്ങ് റൂം, ഉദ്യോഗപേരുകൾ	൧ ൦ ൦
(ച)	യോഗക്ഷേമം ലൈബ്രറി, ഉദ്യോഗപേരുകൾ	൪ ൦
(ഛ)	മൻസിപ്പാൽ ലൈബ്രറി & റീഡിങ്ങ് റൂം, ചിറവർ	൧൨ ൪
(ജ)	ജൂബിലി ലൈബ്രറി & റീഡിങ്ങ്റൂം, മട്ടാഞ്ചേരി	൯ ൦ ൦
(ഝ ൦)	മൻസിപ്പാൽ ലൈബ്രറി & റീഡിങ്ങ്റൂം, തത്തമംഗലം	൧ ൦ ൦

(എഫ്) മേജർ ഗ്രാമീണ വായനശാലകളുടേയും റീഡിങ്ങ് റൂമിന്റേയും ചട്ടങ്ങൾ അനുസരിച്ചു പ്രവർത്തനം നടത്തുന്ന ഗ്രാമീണവായനശാലകൾക്കു ഗ്രാൻറ് കൂടുതൽ കൊടുപ്പാൻ ആലോചനയുണ്ട്.

PERMANENT CO-OPERATIVE REGISTRAR MR. NARAYANA MENON—DEPROMOTION OF

673. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ട് ദയയും മറുപടി പറയുമോ.—

(എ) സമീപം പരസ്പരസഹായസംഘം രജിസ്ട്രാറായിരുന്ന മിസ്റ്റർ കെ. നാരായണമേനവനെ ഉപണയ ബാങ്കിന്റെ സിക്രട്ടറിയായി തരംതാഴ്ത്തുവാനുള്ള കാരണം എന്ത്;

(ബി) ഉപണയബാങ്ക് സിക്രട്ടറിക്കും പരസ്പരസഹായ സംഘം രജിസ്ട്രാർക്കും നിശ്ചയിച്ചിട്ടുള്ള ശമ്പളത്തോത് എന്ത്;

(സി) ഉപണയബാങ്ക് സിക്രട്ടറിക്ക് നിശ്ചപ്പെടുത്തിയിട്ടുള്ള ശമ്പളത്തേക്കാൾ കൂടുതൽ സംഖ്യ ഇപ്പോഴത്തെ സിക്രട്ടറിക്ക് കൊടുത്തുവരുന്നുണ്ടോ, ഉണ്ടെങ്കിൽ പ്രതിമാസം എത്ര രൂപ്പിക കൂടുതൽ കൊടുത്തുവരുന്നുണ്ട്;

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) തരംതാഴ്ത്തിയിട്ടില്ല. സ്ഥലം മാറിയതേയുള്ളു.

(ബി) ഉപണയബാങ്ക് സിക്രട്ടറിയുടെ ശമ്പളം ക. ൧൫൦—൨൫൦. പരസ്പര സഹായ സംഘം രജിസ്ട്രാരുടെ ശമ്പളം ക. ൨൫൦—൩൦൦.

(സി) ഉണ്ട്. ൫൦ക. Personal allowance ആയി അദ്ദേഹത്തിനു കൂടുതൽ കൊടുക്കുന്നുണ്ട്.

AZHIKAL, OCHANTHURUTHU, ETC., VILLAGES—PROVISIONS FOR LATRINES

674. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമ്മെണ്ടിൽനിന്നും ദയയും മറുപടി പറയുമോ.—

(എ) ഞീക്കൽ, ഓച്ചന്തുരുത്ത്, പനമ്പുകാട്, വല്യാർപാടം, മുളവുകാട് എന്നീ പ്രദേശങ്ങളിൽ പൊതുജനങ്ങളുടെ ആവശ്യത്തിനായി കക്കൂസുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ പ്രദേശത്തും എത്രവീതമുണ്ട്;

(സി) ഇല്ലെങ്കിൽ കക്കൂസുകൾ സ്ഥാപിച്ചു കിട്ടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ കൊല്ലവും ഇക്കൊല്ലവും എത്ര അപേക്ഷകളാണ് ഗവർമ്മെണ്ടിലേക്ക് ആ പ്രദേശങ്ങളിലുള്ള പൊതുജനങ്ങളിൽനിന്നു ലഭിച്ചിട്ടുള്ളത്;

(ഡി) ഇക്കാര്യത്തിൽ എന്തു നടപടികളാണ് ഗവർമ്മെണ്ടിൽനിന്നു എടുത്തിട്ടുള്ളത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ചില പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

(ബി) പനമ്പുകാട് ൧. മുളവുകാട് ൧.

(സി) മുന്നു.

(ഡി) കൂടുതൽ കക്കൂസുകൾ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ ഗവർമ്മെണ്ടിൽനിന്നും എടുത്തുവരുന്നുണ്ട്.

MULAMKUZHE—BRIDGES

675. മിസ്റ്റർ ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവർമ്മെണ്ട് ദയവായി മറുപടി പറയുമോ.—

(എ) മൂലങ്കുഴി കിഴക്കു ഭാഗത്തുള്ള കനാലുടപാലത്തിനു തെക്കുള്ള രണ്ടു P. W. D. Concrete പാലങ്ങൾ ഗതാഗത സൌകര്യത്തിനുതകാത്തവണ്ണം കേടുവന്നു കിടക്കുന്നതായി ഗവർമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly